# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 893

13.06.2012 ൽ മറുപടിയ്ക്ക്

**ഒ.ബി.സി. വിദ്യാർത്ഥികൾക്ക് കേന്ദ്ര ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡിലൂയിസ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികളാണ് ഉള്ളത്.<br>**പ്രീമെട്രിക് സ്കോളർഷിപ്പ്**<br>ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാവിന്റെ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പദ്ധതിയാണ് ഇത്.<br>**പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**<br>പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പദ്ധതിയാണ് ഇത്. രക്ഷിതാവിന്റെ വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്തവർക്ക് ആണ് അർഹത. |

| | |
|---|---|
| (സി) സംസ്ഥാനത്ത് ഇത് വിതരണം ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) സംസ്ഥാനത്ത് പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം 2011-12 ൽ ആരംഭിച്ചു. പിന്നാക്ക സമുദായ വികസന വകുപ്പിൽ ഉദ്യോഗസ്ഥ സംവിധാനം പൂർണമാകാത്ത സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥരുടെയും, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹായത്താലാണ് വിതരണം നിർവ്വഹിച്ചത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 2008-09 മുതൽ +2 തലത്തിൽ പട്ടികജാതി വികസന വകുപ്പ് വഴി വിതരണം ചെയ്യുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ